# <u>പതിമൂന്നാം കേരള നിയമസഭ</u>
## <u>ഒൻപതാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. **238**      **19.06.2013** -ൽ മറുപടിയ്ക്ക്

## <u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും എംപ്ലോയബിലിറ്റി സെന്ററുകളും</u>

| <u>**ചോദ്യം**</u> | <u>**ഉത്തരം**</u> |
|---|---|
| **ശ്രീ. ചിറയം ഗോപകുമാർ**<br>**ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**ശ്രീമതി.ഗീതാ ഗോപി**<br>**ശ്രീ.ജി.എസ്.ജയലാൽ** | **ശ്രീ. ഷിബു ബേബി ജോൺ**<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തൊഴിൽ ലഭ്യത സംബന്ധിച്ച് നിലവിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും . എംപ്ലോയബിലിറ്റി സെന്ററുകളും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്.<br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് കൃത്യമായി പുതുക്കി വരുന്ന ഉദ്യോഗാർത്ഥികളുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, സീനിയോറിറ്റി, മുൻഗണന, നിലവിലുള്ള മറ്റ് മാനദണ്ഡങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നും അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ നാമ നിർദ്ദേശം ചെയ്യുക എന്നതാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രധാന ചുമതല.<br>സംസ്ഥാന സർക്കാരിന്റെ അഡീഷണൽ സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാം . എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പാക്കുന്ന നൂതന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്ററുകൾ. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. |
| (ബി) | എത്ര ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കി, മുഴുവൻ ജില്ലകളിലും ഈ പദ്ധതി നടപ്പാക്കാൻ എത്ര കാലം വേണ്ടി വരുമെന്ന് വെളിപ്പെടുത്തുമോ? | (ബി) | ആദ്യഘട്ടമായി കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ |

| | |
|---|---|
| | പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ സ്വന്തമായി കെട്ടിടവും സ്ഥല സൗകര്യവുമുള്ള ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലാണ് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ